## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 336 28.10.2019- ൽ മറുപടിയ്ക്ക്

## അനാഥാലയങ്ങൾക്ക് ഗ്രാന്റ് ലഭിക്കുന്നതിൽ താമസം

ചോദ്യം

ശ്രീ.എം.ഉമ്മർ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ് യഥാസമയം ലഭിക്കുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്കും മറ്റ് ക്ഷേമ സ്ഥാപനങ്ങൾക്കും ഗ്രാന്റ് അനുവദിക്കുന്നതിനായി മതിയായ തുക സർക്കാർ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഗ്രാന്റിന് അർഹതയുള്ള ക്ഷേമ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ് അനുസരിച്ച് സ്വീകരിച്ച് ജില്ലാ സാമൂഹ്യനീതി ആഫീസർമാർ പരിശോധന നടത്തി അർഹമായ ഗ്രാന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്ക് നൽകുകയാണ് ചെയ്യുന്നത്. ജില്ലാ സാമൂഹ്യനീതി ആഫീസർമാർ ഗ്രാന്റ് തുക കണക്കാക്കി ആവശ്യപ്പെടുന്നത- നുസരിച്ചാണ് സാമൂഹ്യനീതി ഡയറക്ടർ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്ക് നൽകുന്നത്.<br><br>കഴിഞ്ഞ സാമ്പത്തിക വർഷം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി ബില്ല് ട്രഷറിയിൽ സമർപ്പിച്ചപ്പോൾ, ബില്ലുകൾ ക്യൂ സിസ്റ്റത്തിൽ ആയത് കാരണം ഗ്രാന്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ- തുടർന്ന് അനാഥ അഗതികളെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റ് അനുവദിക്കുന്നതിന് വേയ്സ് ആന്റ് മീൻസ് ക്ലിയറൻസ് നൽകേണ്ടിവരുന്ന അവസരങ്ങളിൽ മുൻഗണന നൽകുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | ഗ്രാന്റ് അനുവദിക്കുന്ന കാര്യത്തിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് | (ബി) | ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം അനുബന്ധമായി |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നത്; | | ചേർത്തിരിക്കുന്നു. |
| (സി) | 2017-18 വർഷത്തെ ഗ്രാന്റുകൾ പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | ഉണ്ട്. |
| (ഡി) | നടപ്പു സാമ്പത്തിക വർഷം ഇനിയും ഗ്രാന്റ് നൽകാനുള്ള അനാഥാലയങ്ങളുടെ ലിസ്റ്റ് നൽകാമോ? | (ഡി) | നടപ്പ് സാമ്പത്തിക വർഷത്തെ ഗ്രാന്റ് നൽകുന്നതിനുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ആഫീസർ പരിശോധിച്ച് വരുകയാണ്. അതിലേയ്ക്ക് ആവശ്യമായ ഫണ്ട് എത്രയാണെന്ന് അറിയിക്കുന്ന മുറയ്ക്ക് ഗ്രാന്റ് നൽകുന്നതാണ്. നടപ്പ് സാമ്പത്തിക വർഷത്തെ ഗ്രാന്റ് നൽകാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതേയുള്ളൂ. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ.

1. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ഉണ്ടായിരിക്കണം.
2. ഗ്രാന്റിന് അനുമതി നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ് ഉണ്ടായിരിക്കണം.
3. കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നത് ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ്. വില്ലേജ് ആഫീസറാണ് ഈ സർട്ടിഫിക്കറ്റ് നൽകുന്നത്. അതിൽ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം രേഖപ്പെടുത്തിയിരിക്കും. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം.
4. കുട്ടികൾക്ക് മതിയായ പഠനത്തിനുള്ള സാഹചര്യം ലഭ്യമാക്കണം. കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി സാക്ഷ്യപ്പെടുത്തിയ വിവരങ്ങൾ ലഭ്യമാക്കണം.
5. ഗ്രാന്റ് ലഭിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷ, അതിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം അതാത് ജില്ലാ സാമൂഹ്യനീതി ആഫീസർക്ക് സമർപ്പിക്കണം. ജില്ലാ സാമൂഹ്യനീതി ആഫീസർ സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തി അർഹമായ ഗ്രാന്റ് കണക്കാക്കി സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാന്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുന്നു. ഇതിലേയ്ക്ക് ആവശ്യമായ തുക സാമൂഹ്യനീതി ഡയറക്ടർ ജില്ലാ സാമൂഹ്യനീതി ആഫീസർ മുഖാന്തിരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നു.
6. അഗതികളായ വയോജനങ്ങൾ, സ്ത്രീകൾ, ശാരീരിക വൈകല്യമുള്ളവർ, മാനസിക രോഗികൾ തുടങ്ങിയവരെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾക്കും സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റോ, സ്കൂൾ അധികൃതരുടെ സാക്ഷ്യപ്പെടുത്തലോ ആവശ്യമില്ല. മറ്റ് മാനദണ്ഡങ്ങൾ ബാധകമാണ്.

സെക്ഷൻ ആഫീസർ